നമ്പർ:സി.ബി.(3)17894/2008.

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം. തീയതി: 24-05-2008.

## സർക്കുലർ നമ്പർ 37/2008

വിഷയം:- സഹകരണ സ്ഥാപനങ്ങളിലെ ഇടപാടുകാരോട് പാലിക്കേണ്ട പെരുമാറ്റം - മാർഗ്ഗ നിർദ്ദേശം - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 3-4-2008 ലെ 2394/ബി.2/08/സഹ. നമ്പർ കത്ത്.

സംസ്ഥാനത്തെ ചില സഹകരണ ബാങ്കുകളിലെയും സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ഇടപാടുകാരോടുള്ള പെരുമാറ്റം സംബന്ധിച്ച് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി മുമ്പാകെയും, സഹകരണസംഘം രജിസ്ട്രാർ മുമ്പാകെയും, ബാങ്കിംഗ് ഓംബുഡ്സ്മാൻ മുമ്പാകെയും നിരവധി പരാതികൾ ലഭിച്ചു വരികയാണ്. പൊതുജനങ്ങളോടും ഇടപാടുകാരോടും മാന്യമായി പെരുമാറേണ്ടത് സാമൂഹ്യപ്രതിബദ്ധതയുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ചുമതലയിൽപ്പെട്ട കാര്യമാണ്.

സഹകരണ ബാങ്കുകളിലെയും സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ ഇടപാടുകാരോട് മാന്യമായി പെരുമാറുന്നതിനാവശ്യമായ പ്രത്യേക നിർദ്ദേശം എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ഭരണസമിതി, ചീഫ് എക്സിക്യൂട്ടീവ് എന്നിവർ ജീവനക്കാർക്ക് നൽകേണ്ടതും ആയത് ജീവനക്കാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇടപാടുകാരോട് അപമര്യാദയായും മാന്യമായല്ലാതെയും പെരുമാറുന്ന ജീവനക്കാരുടെ പേരിൽ സഹകരണസംഘം നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന ശിക്ഷണ നടപടികൾ ഉൾപ്പെടെയുള്ള കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്. സഹകരണ

സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെരുമാറ്റം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സഹകരണ വകുപ്പിൽ നിന്നും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് മേൽനടപടികൾക്കായി നൽകുന്നത് അർഹമായ പ്രാധാന്യത്തോടെ പരിശോധിക്കേണ്ടതും അന്വേഷണം നടത്തി മാതൃകാപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ സർക്കുലറിലെ നിർദ്ദേശം എല്ലാ സഹകരണ സ്ഥാപനങ്ങളും അതാതു സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്/-
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ്:-

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്)മാർക്കും.
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ
   എല്ലാ അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾക്കും.
3. പ്രസിഡന്റ്/ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
4. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും
   (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്)മാർക്കും
   (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
6. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.
7. എഡിറ്റർ, സഹകരണ വീഥി.
8. എഡിറ്റർ, സഹകരണ ജേർണൽ.
9. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
10. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

Stalhi

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.